(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) മോഡൽ സ്കൂളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ അധിക സൗകര്യങ്ങളാണ് സ്കൂളിൽ ഉണ്ടാവേണ്ടത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ മോഡൽ സ്കൂളും പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലും ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുവദിക്കുന്ന സൗകര്യങ്ങൾ പ്രസ്തുത സ്കൂളിന് ലഭ്യമാകും.

കൂവക്കാട് തമിഴ് മീഡിയം സ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിക്കുന്നതിന് നടപടി

12 (3758) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മണ്ഡലത്തിൽപ്പെട്ട കൂവക്കാട് തമിഴ്മീഡിയം സ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(ബി) തമിഴ് മീഡിയം ഹയർ സെക്കണ്ടറി സ്കൂൾ കൊല്ലം ജില്ലയിൽ മറ്റെങ്ങും ഇല്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏറെ തമിഴ് മീഡിയം വിദ്യാർത്ഥികളുള്ള കുളത്തൂപ്പുഴ, തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിലെ കുട്ടികൾ ഇപ്പോൾ അന്യ സംസ്ഥാനത്ത് പോയാണ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസം നടത്തുന്നത് എന്നത് പരിഗണിച്ച് അടിയന്തരമായി കൂവക്കാട് തമിഴ് മീഡിയം സ്കൂൾ, തമിഴ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുനലൂർ മണ്ഡലം ഉൾപ്പെടുന്ന കൊല്ലം ജില്ലയിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുവാൻ നയപരമായി തീരുമാനിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) പരിഗണനയിലില്ല.

പാഠപുസ്തക വിതരണത്തിന് സർക്കാർ പുതുതായി നടപ്പാക്കിയ സംവിധാനങ്ങൾ

13 (3759) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിലേയ്ക്കുള്ള പാഠപുസ്തക വിതരണത്തിന് സർക്കാർ പുതുതായി നടപ്പിലാക്കിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly